പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2775

02/04/2013 ൽ മറുപടിയ്ക്ക്

## റവന്യൂ വകുപ്പിന്റെ ആധുനികവത്കരണം

ചോദ്യം

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
ശ്രീ. വർക്കല കഹാർ
ശ്രീ. കെ. മുരളീധരൻ
ശ്രീ. വി. പി. സജീന്ദ്രൻ

(എ) റവന്യൂവകുപ്പ് ആധുനിക വത്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് ഈ സമ്പ്രദായം വഴി ലഭിക്കുന്നത്; വിശദമാക്കുമോ ;

മറുപടി

ശ്രീ. അടൂർ പ്രകാശ്.
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

(എ) യും (ബി) യും (സി) യും

ഉണ്ട്. സംസ്ഥാനത്തെ വില്ലേജാഫീസുകളിൽ നിന്നും ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി വില്ലേജാഫീസുകൾ വഴി നൽകുന്ന സേവനങ്ങൾ കമ്പ്യൂട്ടർവത്കരിക്കുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ലാന്റ് റെക്കോർഡ്സ് മോഡേണൈസേഷൻ പ്രോഗ്രാം (NLRMP) പ്രകാരം റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം (ReLIS ) എന്ന സോഫ്റ്റ് വെയർ ഉപയോഗിച്ച് വില്ലേജുകളിലെ ലാന്റ് റിക്കാർഡുകളുടെ കമ്പ്യൂട്ടർ വത്ക്കരണം നടപ്പിലാക്കി വരുന്നു. ആദ്യഘട്ടമായി പാലക്കാട് ജില്ലയിലെ ആലത്തൂർ, വടക്കാഞ്ചേരി സബ് രജിസ്ട്രാർ ഓഫീസുകളുടെ പരിധിയിൽ വരുന്നതും റീ സർവ്വേ കഴിഞ്ഞതുമായ 17 വില്ലേജ് ഓഫീസുകളിൽ ഈ പദ്ധതി ഇപ്പോൾ പൈലറ്റടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നു. 9 ജില്ലകളിലെ റീ-സർവ്വെ പൂർത്തിയായ 573 വില്ലേജുകളിലേക്കു കൂടി പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു. കേന്ദ്രസർക്കാരിന്റെ നാഷണൽ ഇ-ഗവേർണൻസ് പ്ലാൻ (NeGP) പദ്ധതിയിൻ കീഴിൽ കേരള സ്റ്റേറ്റ് ഐ.റ്റി.മിഷനും, ലാന്റ് റവന്യൂ വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന ഇ-ഡിസ്ട്രിക്റ്റ് പദ്ധതി വഴി, വില്ലേജുകളിൽ നിന്നും നൽകി വരുന്ന 23 ഇനം സർട്ടിഫിക്കറ്റുകളുടെ വിതരണം കമ്പ്യൂട്ടർവത്കരിച്ചിട്ടുണ്ട്. ഇ-ഡിസ്ട്രിക്റ്റ് പദ്ധതി കേരളത്തിലെ 14 ജില്ലകളിലും നടപ്പിലാക്കിക്കഴിഞ്ഞു.

ഇ-ഡിസ്ട്രിക്ട് പദ്ധതിയുടെ ഭാഗമായി കേരളമൊട്ടാകെ വില്ലേജ് ഓഫീസുകൾക്ക് പുറമേ അക്ഷയ കേന്ദ്രങ്ങളിൽ നിന്നു കൂടി ഇതിനകം ഉദ്ദേശം 14 ലക്ഷം സർട്ടിഫിക്കറ്റുകൾ ഡിജിറ്റൽ ഒപ്പോടുകൂടി വിതരണം ചെയ്യപ്പെട്ടിട്ടുണ്ട്. ഇത്രയും സർട്ടിഫിക്കറ്റുകൾ അക്ഷയ കേന്ദ്രങ്ങൾ വഴിയാണ് വിതരണം ചെയ്യപ്പെട്ടിട്ടുള്ളത്. എല്ലാ വില്ലേജ് ഓഫീസർമാർക്കും ലാപ്ടോപ്പ് ഇതിനോടകം ലഭ്യമാക്കിയിട്ടുണ്ട്. അത്യാവശ്യമാണെങ്കിൽ വില്ലേജ് ഓഫീസർക്ക് രാത്രി സമയത്ത് പോലും എവിടെയിരുന്നുകൊണ്ടും സർട്ടിഫിക്കറ്റുകൾ അനുവദിക്കാനും സാധിക്കും. റവന്യൂ വകുപ്പ് വിഭാവനം ചെയ്ത് "എപ്പോഴും എവിടെയും" സേവനം (Any Time Any Where) അങ്ങനെ സാദ്ധ്യമാകുന്നു.

വില്ലേജ് ഓഫീസുകൾ SMART ആക്കുന്നതിന്റെ ഭാഗമായി ഈ സേവനം ഓൺലൈൻ പേയ്മെന്റ് ഗേറ്റ്‌വേ കൂടി സാദ്ധ്യമാക്കി അപേക്ഷകന്റെ വീട്ടിൽ വച്ച് തന്നെ സർട്ടിഫിക്കറ്റിന് അപേക്ഷിക്കുന്നതിനും അത് നേടുന്നതിനുമുള്ള സംവിധാനം സാദ്ധ്യമാക്കുന്നതാണ്.

**( ഡി ) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് ?**

റവന്യൂ വകുപ്പിലെ ഐ.റ്റി. സെല്ലുകൾ, ഐ.റ്റി. മിഷൻ, എൻ.ഐ.സി., ബാങ്കുകൾ, അക്ഷയകേന്ദ്രങ്ങൾ എന്നീ ഏജൻസികളാണ് പദ്ധതിയുമായി നേരിട്ട് ബന്ധപ്പെട്ട് പ്രവർത്തിക്കുന്നത്.

സെക്ഷൻ ഓഫീസർ